വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്): സർ, അദ്ദേഹം മൂവായിരം കുടുംബങ്ങൾ എന്നാണ് പറഞ്ഞത്. പക്ഷേ 50 കുടുംബങ്ങളാണ് ഷൺമുഖം കനാൽ എൻക്രോച്ച് ചെയ്തിരിക്കുന്നത്, നമ്പരിൽ വളരെ വ്യത്യാസമുണ്ട്. ഈ കനാൽ നാവിഗേഷൻ കനാലായിട്ടാണ് അറിയപ്പെടുന്നത്. അത് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതാണ്. അവിടെ എൻക്രോച്ചു ചെയ്തിരിക്കുന്ന ആളുകൾക്ക് ഈ സ്ഥലം പതിച്ചുകൊടുക്കാൻ കഴിയുമോയെന്ന കാര്യം ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുമായി ആലോചിച്ചുകഴിഞ്ഞതിനുശേഷമേ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളു. ഈ കനാൽ നാവിഗേഷൻ പർപ്പസിനുവേണ്ടി ഉപയോഗിക്കാൻ കഴിയുമെന്നാണ് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് കരുതുന്നത്. എന്തായാലും ജില്ലാകളക്ടറോട്, അനധികൃതമായി കയ്യേറിയ ആളുകളെ ഒഴിപ്പിക്കേണ്ട എന്ന നിർദ്ദേശം കൊടുത്തിട്ടുണ്ട്.

വിദ്യുച്ഛക്തി വകുപ്പു മന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, ശ്രീ. എം. കെ. കേശവൻ പറഞ്ഞ ബ്രിഡ്ജിന്റെ കാര്യത്തിൽ ചെറിയ ഒരു പിശകു പറ്റി. അദ്ദേഹം പറഞ്ഞ ബ്രിഡ്ജിൽ പഞ്ചായത്തിന്റെ കാര്യം പറഞ്ഞത് ശരിയാണ്. നമ്മൾ ഭരണാനുമതി കൊടുത്തിട്ടുണ്ട്. പക്ഷേ പണം അടച്ചിട്ടുള്ളതായി ഗവൺമെന്റിനെ ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടില്ല, എട്ടുലക്ഷം രൂപ അടയ്ക്കാനുള്ള ഭരണാനുമതി കഴിഞ്ഞ രണ്ടുമാസത്തിനുമുമ്പ് ഗവൺമെന്റ് നൽകിയിട്ടുണ്ട്. പണം അടച്ചതായി ഗവൺമെന്റിനെ വിവരം അറിയിച്ചിട്ടില്ല.

20. കൂമ്പൻ പാറയിലെ മലയിടിച്ചിലിൽ വീടു നഷ്ടപ്പെട്ടവർക്ക് സഹായം

ശ്രീ. ജി. വരദൻ: സാർ, കൂമ്പൻപാറയിൽ മല ഇടിഞ്ഞു ഒരു വരുടത്തിനു മുൻപു നടന്ന സംഭവം. അപ്പോഴുതു നമതു മുതലമെച്ചർ അവർകളും വരുവായ്ത് തുറൈ അമൈച്ചർ അവർളുമേ അന്ത നഷ്ടം ഏറ്റപട്ട തൊഴിലാളികളുക്കു പൂമി കൊടുക്കലാം, വീടു വൈത്തു കൊടുത്തലാം എന്റു സൊന്നീർകൾ. ആണൽ ഇതുവരൈയിലും ഒന്റും കൊടുക്കവില്ലൈ. എനവേ തയവു കചയ്തു നമതു വരുവായ്ത്തുറൈ അമൈച്ചർ അവർകൾ ഒരു കുറിപ്പിട്ട കാലത്തിറ്കുള് അവർകളുക്കു തേവൈയാന് ഉതവികൾ സെയ്തു കൊടുക്ക വേണ്ടുമെന്റു കേട്ടുക്കൊൾകിറേൻ.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്): സർ, 26-6-1985-ൽ കൂമ്പൻപാറയിലുണ്ടായ മലയിടിച്ചിലിനെ തുടർന്ന് രണ്ടു വീടുകളും പൂർണ്ണമായി നശിച്ചുപോയിട്ടുണ്ട്. ഈ കുടുംബവുമായി ബന്ധപ്പെട്ടിരുന്ന പത്താളുകളും മരിക്കുകയും ചെയ്തിട്ടുണ്ട്. ആ രണ്ടു കുടുംബങ്ങൾക്കുവേണ്ടി അടിമാലിയിൽ അധികമുള്ള മിച്ചഭൂമി ഗവൺമെന്റ് അലോട്ടുചെയ്തു കൊടുത്തിട്ടുണ്ട്. അതുപോലെ തന്നെ ഈ കുടുംബങ്ങൾക്ക് അന്നുതന്നെ ഗവൺമെന്റിൽ നിന്ന് സാമ്പത്തിക സഹായം നൽകുകയും ചെയ്തിരുന്നു. ഇവരെ മാറിപ്പാർപ്പിക്കാൻവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

റീഹാബിലിറേഷൻ ഹൗസിംഗ് സ്കീമിൽ ഈ രണ്ടു കുടുംബങ്ങൾക്ക് വീടുവച്ചുകൊടുക്കാനുള്ള തീരുമാനമെടുക്കുകയും അതിനുള്ള നടപടികളും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ അവർ ആവശ്യപ്പെടുന്നത് മാങ്കുളം പ്രദേശത്ത് ഭൂമി കിട്ടണമെന്നാണ്. മാങ്കുളം പ്രദേശത്ത് ഭൂമി കൊടുക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. കാരണം ഹൈക്കോടതിയിൽ നിന്ന് അതിനെ സംബന്ധിച്ച് ഒരു സ്റ്റേ ഉണ്ടായിട്ടുണ്ട്. അന്ന് മലയിടിച്ചിൽ ഉണ്ടായതിനുശേഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരും മന്ത്രിമാരും സ്ഥലം സന്ദർശിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തതാണ്. ഈ കുടുംബങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

21. വിധവകളുടെ പെൺമക്കൾക്ക് വിവാഹത്തിനു നൽകുന്ന സാമ്പത്തിക സഹായം

ശ്രീ. സി. ടി. കൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനത്തുള്ള വിധവകളുടെ പെൺകുട്ടികളുടെ കല്ല്യാണത്തിന് ആയിരം രൂപ വീതം സർക്കാരിൽ നിന്ന് സഹായം കൊടുക്കുന്നുണ്ട്. പക്ഷേ 18 വയസ്സ് പൂർത്തിയായി എന്ന സർട്ടിഫിക്കറ് ഉണ്ടെങ്കിലേ വിവാഹം നടത്താനും ആനുകൂല്യം ലഭിക്കാനും കഴിയൂ. പല ആളുകളും ജനനത്തീയതിയും പേരും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടില്ല. ഹരിജനങ്ങളും പിന്നോക്കവിഭാഗക്കാരും വിദ്യാഭ്യാസമില്ലാത്തവരും ഇരുപത് കൊല്ലത്തിനു മുൻപ് രജിസ്റ്റർ ചെയ്തിട്ടില്ല എന്നുള്ളതിന്റെ പേരിൽ സർട്ടിഫിക്കറ് ആവശ്യപ്പെട്ടാൽ ഇപ്പോഴും കൊടുക്കുന്നില്ല. ഡോക്ടറാണ് വയസ്സ് പൂർത്തിയായി എന്നു പറഞ്ഞ് സർട്ടിഫിക്കറ് കൊടുക്കേണ്ടത്. ഡോക്ടറുടെ സർട്ടിഫിക്കറ് കിട്ടണമെങ്കിൽ പഞ്ചായത്തിൽ അവരുടെ പേര് രജിസ്റ്റർ ചെയ്തിട്ടില്ല എന്ന സർട്ടിഫിക്കറ് കൊടുക്കണം. പക്ഷേ എക്സിക്യൂട്ടീവ് ഓഫീസർമാർ ഇപ്പോഴും ആ സർട്ടിഫിക്കറ് കൊടുക്കുന്നില്ല. ആ സർട്ടിഫിക്കറ് കൊടുക്കാത്തതുകൊണ്ട് വിധവകളുടെ പെൺകുട്ടികൾക്ക് കല്ല്യാണത്തിനുള്ള ആയിരം രൂപ കിട്ടുന്നില്ല. സർക്കാരിൽനിന്ന് അത് കൊടുക്കരുതെന്നു ഓർഡർ ഉണ്ടെന്നാണ് എക്സിക്യൂട്ടീവ് ഓഫീസർമാർ പറയുന്നു. അങ്ങനെയുണ്ടെങ്കിൽ അത് തിരുത്തി അടിയന്തിരമായി സർട്ടിഫിക്കറ് കൊടുക്കാൻ നടപടികൾ സ്വീകരിക്കണം.

പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി (ശ്രീ. സി. എം. സുന്ദരം): Registration of Births and Deaths, 1970 rule, Section 5 (2):—The information referred in sub-rule (i) shall be given within 14 days from the date of birth or still birth and within 7 days from the date of death. സാധാരണ ജനനവും മരണവും രജിസ്റ്റർ ചെയ്യാൻ ആളുകൾ വിട്ടുപോകുന്നതുകൊണ്ട് ബർത്തു സർട്ടിഫിക്കറ് കൊടുക്കാൻ സ്വാധ്യമല്ലാത്ത സാഹചര്യമാണ് പൊതുവേ കാണുന്നത്. വിധവകളുടെ മക്കൾക്ക് വിവാഹത്തിന് ധനസഹായം കിട്ടുന്നതിന് ജനനത്തീയതി തെളിയിക്കുന്ന സർട്ടിഫിക്കറ് ആവശ്യമാണ്. അത് രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ ആയതിലേക്ക് രജിസ്റ്റർ ചെയ്തിട്ടില്ല എന്ന സർട്ടിഫിക്കറ് കൊടുക്കാനുള്ള നിർദ്ദേശം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly